# വ്യവസായ കേരളം

35

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 FEBRUARY 2023


# കാർഷിക സംസ്കരണ സംരംഭക രംഗത്തെ ശക്തി വിളിച്ചോതി

## കേരള ആഗ്രോ ഫുഡ് പ്രൊ











കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഏറ്റവും വലിയ പ്രദർശനവിപണന മേളകളിലൊന്നായ കേരള അഗ്രോഫുഡ് പ്രൊ തൃശ്ശൂർ, തേക്കിൻകാട് മൈതാനിയിലെ വിദ്യാർത്ഥി കോർണറിൽ 2023 ഫെബ്രുവരി 4 മുതൽ 7 വരെ സംഘടിപ്പിച്ചു. ഭക്ഷ്യമേള, പ്രദർശന വിപണന മേള, യന്ത്ര പ്രദർശനം എന്നിങ്ങനെ കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ലഭ്യമാകുന്ന വിധത്തിൽ ആസൂത്രണം ചെയ്ത മേള അക്ഷരാർത്ഥത്തിൽ രുചിയുടെയും, സമഭാവനയുടെയും, സാങ്കേതികവിദ്യയുടെയും, വൈവിധ്യത്തിന്റെയും പ്രദർശനശാലയായിരുന്നു. കാർഷിക സംസ്കരണ സംരംഭ രംഗത്തെ സമഗ്ര പുരോഗതി ലക്ഷ്യം വച്ചു കൊണ്ട് സംഘടിപ്പിച്ച പ്രദർശനമേളക്കാണ് നാല് ദിവസം പൂരനഗരിയിൽ അരങ്ങൊരുങ്ങിയത്.

2023 ഫെബ്രുവരി 4ന് ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്ത മേളയിൽ ദേവസ്വം, പട്ടികജാതി പട്ടികവർഗ്ഗ, പിന്നോക്ക ക്ഷേമ പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ അധ്യക്ഷപദം അലങ്കരിച്ചു. ജില്ലാ കളക്ടർ ശ്രീമതി. ഹരിത വി. കുമാർ ഐ.എ.എസ്., തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. കെ. ഡേവിസ് മാസ്റ്റർ, വാർഡ് കൗൺസിലർ ശ്രീമതി. പൂർണ്ണിമ സുരേഷ്, വ്യവസായ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. സുധീർ കെ., കിൻഫ്ര എം.ഡി. ശ്രീ. സന്തോഷ് കോശി തോമസ്, തൃശൂർ എം.എസ്.എം.ഇ. ഡി.എഫ്.ഒ. ഡയറക്ടർ ശ്രീ. ജി.എസ്. പ്രകാശ്, കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ പ്രസിഡന്റ് ശ്രീ. നിസ്സാറുദ്ദീൻ, കേരള എഫ്.ഐ.സി.സി. ചെയർമാൻ ഡോ. എം. ഐ. സഹദുള്ള, കേരള സി.ഐ.ഐ. ചെയർമാൻ ശ്രീ. ജീമോൻ കോര, കേരള അഗ്രോ ഫുഡ് പ്രൊ 2023 ജനറൽ കൺവീനറായ, തൃശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർ ഡോ. കെ.എസ്. കൃപകുമാർ എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംബന്ധിച്ചു. തുടർന്ന് മേളയിൽ പ്രദർശനത്തിനും വിപണനത്തിനും വേണ്ടി ജില്ലകൾ പ്രതിനിധീകരിച്ച് ഒരുക്കിയ സ്റ്റാളുകളും മന്ത്രിയുടെ നേതൃത്വത്തിൽ സന്ദർശിച്ചു..

മേളയോടാനുബന്ധിച്ച് 172 സ്റ്റാളുകളാണ് വിവിധ ജില്ലകളിൽ നിന്നും ഉള്ള സംരംഭകരൊരുക്കിയത്. സാങ്കേതിക ശില്പശാല, പ്രദർശന വിപണനമേള, വിവിധ ക്ലാസുകൾ, യന്ത്ര പ്രദർശനവും പരിചയവും, വിഷയാധിഷ്ഠിത പാചക മത്സരം, കലാസാംസ്കാരിക പരിപാടികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയ മേളയിൽ ഒരു ചെറുകിട വ്യവസായം വിജയകരമായി കൊണ്ടുപോകുന്നതിനായി ഏതൊക്കെ മേഖലകളിൽ എങ്ങനെ ശ്രദ്ധ കേന്ദ്രീകരിക്കണം എന്ന കൃത്യമായ അവബോധം സംരംഭകർക്ക് ലഭ്യമായി. കൂടാതെ വിപണിയുടെ അനന്തമായ സാധ്യതകളും വ്യവസായ വാണിജ്യ മേഖലകളിലെ പുതിയ ട്രെൻഡും കൃത്യമായി മനസ്സിലാക്കാനും സംരംഭകർക്ക് സാധിച്ചു.




മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രദർശനം, വില്പന, ഭക്ഷ്യ ഉത്പന്ന നിർമ്മാണ മത്സരങ്ങൾ, വൈവിദ്ധ്യമാർന്ന ഉൽപ്പന്ന നിർമ്മാണ മേഖലകളെ അധികരിച്ചുള്ള സെമിനാറുകൾ, കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാൻ കേന്ദ്രം തുടങ്ങിയ കാർഷിക ഭക്ഷ്യ മേഖലകളുമായി ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങളിൽ നിന്നുള്ള സാങ്കേതിക വിദ്യാവ്യാപന പരിപാടികൾ; മെഷീനറി നിർമ്മാതാക്കൾ, സ്റ്റാർട്ട് അപ്പുകൾ, ഇ. ഡി ക്ലബ്ബുകൾ, ഹെല്പ് ഡെസ്ക്, പാരമ്പര്യ ഭക്ഷ്യ ഉൽപ്പന്ന സ്റ്റാളുകൾ എന്നിവയുടെ പങ്കാളിത്തം; ഫുഡ് പവലിയൻ, കലാസന്ധ്യകൾ എന്നിങ്ങനെ വൈവിധ്യമാർന്ന പരിപാടികളാണ് 2023 ഫെബ്രുവരി 4 മുതൽ അരങ്ങേറിയത്.

2023 ഫെബ്രുവരി 7 ന് തേക്കിൻകാട് മൈതാനത്ത് വച്ച് പ്രൗഢഗംഭീരമായ ജനാവലിയെ സാക്ഷി നിർത്തിയായിരുന്നു സമാപന ചടങ്ങ്.

# പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ കാർബൺ ട്രേഡിംഗിൽ സെമിനാർ സംഘടിപ്പിച്ചു

കാർബൺ ട്രേഡിംഗിന്റെ സാധ്യതകളും പുത്തൻ പ്രവണതകളും സംബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചു. കേരളത്തിലെ പ്ലാന്റേഷൻ മേഖലയിലെ പ്രമുഖ സംരംഭകർ പങ്കെടുത്ത പ്രസ്തുത സെമിനാറിൽ കാർബൺ ട്രേഡിംഗിന്റെ സാധ്യതകളും പുത്തൻ പ്രവണതകളും സംബന്ധിച്ച വിഷയങ്ങൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ധരും ഫാക്കൽറ്റികളും അവതരിപ്പിച്ചു . കാർബൺ ട്രേഡിംഗിലെ ഏറ്റവും പുതിയ പ്രവണതകളെയും രീതികളെയും കുറിച്ചുള്ള സമഗ്രമായ ചർച്ച നടന്ന സെമിനാറിൽ ട്രേഡിംഗ് പ്രക്രിയകൾ, വിപണിയിലെ പുതിയ പ്രവണതകൾ, കാർബൺ ട്രേഡിംഗ് സമ്പദ്‌വ്യവസ്ഥ, നിയമ നയങ്ങൾ എന്നീ വിഷയങ്ങൾ ഉൾപ്പെട്ടിരുന്നു. കാർബൺ ക്രെഡിറ്റ് പ്രക്രിയയെക്കുറിച്ചും അതിന്റെ നേട്ടങ്ങളെക്കുറിച്ചും നടപ്പാക്കുന്നതിലെ ഘട്ടങ്ങളെക്കുറിച്ചും സമഗ്രമായ ധാരണ നൽകുക എന്നതാണ് സെമിനാർ ലക്ഷ്യമിട്ടത്.






2023 ഫെബ്രുവരി 13 ന് എറണാകുളം ക്രൗൺ പ്ലാസ ഹോട്ടലിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് ഐഎഎസ് വീഡിയോ കോൺഫറൻസിങ്ങിലൂടെ സംബന്ധിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറും പ്ലാന്റേഷൻ സ്പെഷ്യൽ ഓഫീസറുമായ ശ്രീ. എസ്. ഹരികിഷോർ ഐഎഎസ് ,ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റേഷൻ മാനേജ്മെൻറ് ഡയറക്ടർ പ്രൊഫസർ. രാകേഷ് മോഹൻ ജോഷി, അസോസിയേഷൻ ഓഫ് കേരള ചെയർമാൻ ശ്രീ. എ. കെ. ജലീൽ, ഫിക്കി കേരള ഘടകം കോ ചെയർ ശ്രീ. വി. പി. നന്ദകുമാർ, സിഐഐ കേരള സ്റ്റേറ്റ് കൗൺസിൽ അംഗം ശ്രീ. വെങ്കിട്ടരാമൻ ആനന്ദ്, വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. പി. എസ്. സുരേഷ് കുമാർ എന്നിവർ സംസാരിച്ചു.

തുടർന്ന് തോട്ട വ്യവസായം കൂടുതൽ സുസ്ഥിരവും ലാഭകരവുമാക്കുക എന്നതാണ് കാർബൺ ക്രെഡിറ്റ് സംരംഭത്തിന്റെ പ്രധാന ലക്ഷ്യം എന്ന് ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് ഐഎഎസ് ചൂണ്ടിക്കാട്ടി. തോട്ടം മേഖല കാർബൺ വ്യാപാര അവസരങ്ങൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും പരിസ്ഥിതി സൗഹൃദമായ പുതിയ രീതികൾ ഉൾപ്പെടുത്തേണ്ടതിന്റെ പ്രാധാന്യവും പ്ലാന്റേഷൻ ഡയറക്ടർ എസ്. ഹരികിഷോർ ഐഎഎസ് സംസാരിച്ചു.

ബെംഗളൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റേഷൻ മാനേജ്മെന്റിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. സുധ ശ്രീനിവാസൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള മാനേജിംഗ് ഡയറക്ടർ ഡോ. ജെയിംസ് ജേക്കബ്, വരാഹ ക്ലൈമറ്റ് ആഗ് പ്രൈവറ്റ് ലിമിറ്റഡിന്റെ സഹസ്ഥാപകനും സിഇഒയുമായ ശ്രീ. മഥുർ ജെയിൻ, ക്രെഡ്യൂസ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകനും മാനേജിംഗ് ഡയറക്ടറും ആയ ശൈലേന്ദ്ര സിംഗ് റാവു തുടങ്ങിയ വിദഗ്ധർ സെഷനുകൾക്ക് നേതൃത്വം നൽകി.







## തോട്ടം മേഖലക്ക് ഉണർവേകാൻ

# കേരളാ പ്ലാന്റേഷൻ എക്സ്പോ

### ഫെബ്രുവരി 16 മുതൽ തിരുവനന്തപുരം കനകക്കുന്നിൽ

സംസ്ഥാനത്തു തോട്ടം മേഖലയുടെയും തൊഴിലാളികളുടെയും ഉന്നമനം ലക്ഷ്യമിട്ടു സർക്കാർ പുതുതായി ആരംഭിച്ച പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ പ്ലാന്റേഷൻ എക്സ്പോ സംഘടിപ്പിക്കുന്നു. ആഗോളതലത്തിൽ കേരളാ പ്ലാന്റേഷൻ എന്ന ബ്രാൻഡ് ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള പ്രാഥമികമായ ചുവട് വയ്പ്പ് എന്ന നിലയിലാണ് തിരുവനന്തപുരം, കനകക്കുന്ന് സൂര്യകാന്തി എക്സിബിഷൻ ഗ്രൗണ്ടിൽ 2023 ഫെബ്രുവരി 16 മുതൽ 19 വരെ പ്ലാന്റേഷൻ മേഖലക്കായി എക്സ്പോ സംഘടിപ്പിക്കുന്നത്.

സംസ്ഥാനത്തെ രജിസ്റ്റർ ചെയ്ത എല്ലാ പ്ലാൻറ്റേഷനുകൾ, തോട്ടം മേഖലയിലെ സഹകരണ സംഘങ്ങൾ, തോട്ടം മേഖലയുമായി ബന്ധമുള്ള കച്ചവടക്കാർ, വിതരണക്കാർ, സേവനഉപകരണ ദാദാക്കൾ എന്നിവരാകും എക്സ്പോയിൽ പങ്കെടുക്കുക. എക്സ്പോയോടനുബന്ധിച്ചു ഇവരുടെ ഉത്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കുന്നതിനും അവസരമുണ്ടാകും. എക്സ്പോയുടെ ഭാഗമായി ഫെബ്രുവരി 17,18 തീയതികളിൽ പ്ലാന്റേഷൻ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലായി പ്രഗത്ഭർ നേതൃത്വം കൊടുക്കുന്ന സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്. എക്സ്പോ ദിവസങ്ങളിൽ രാവിലെ 11 മണി മുതൽ രാത്രി 11 വരെയാണ് എക്സ്പോ സന്ദർശനം സമയം. പ്രവേശനം സൗജന്യമാണ്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.